(ബി) പണി പുരോഗമിച്ചു കൊണ്ടിരുന്ന റോഡുകളിൽ ഏതെല്ലാം റോഡുകളുടെ പണിയാണ് മുടങ്ങിക്കിടക്കുന്നത് ; ഇതിനുള്ള കാരണം എന്താണ് ;

(സി) നെടുമങ്ങാട്-ഷേർലക്കോട് റോഡിന്റെ പണിയിൽ ബി.എം.പണി ചെയ്തതിനു ശേഷം എ.സി പണി ഇനിയും തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പണി ഉടൻതന്നെ ആരംഭിച്ച് റോഡ് ദീർഘ കാലത്തേക്ക് സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പേയാട്-ഉറിയാക്കോട് റോഡ് കി.മീ 8/900 മുതൽ 10/250 വരെ. കരാറുകാരന്റെ അനാസ്ഥയാണ് കാരണം. കരാറുകാരനെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി & ഡി) കരാറുകാരൻ മരിച്ചതിനെതുടർന്ന് നെടുമങ്ങാട്-ഷേർലക്കോട് റോഡിന്റെ പണി നടത്തുവാൻ കഴിഞ്ഞിട്ടില്ല. തുടർന്നുള്ള പണി നടത്തുവാൻ ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ടിയാനെ ഒഴിവാക്കി ടെർമിനേറ്റ് ചെയ്യണമെന്നും കരാറുകാരന്റെ മകൻ ആവശ്യപ്പെട്ടതിനെതുടർന്ന് ഇത് സംബന്ധിച്ച എഗ്രിമെന്റിലുള്ള നിയമപരമായ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്ത ശേഷം ബാക്കി പണികൾ പുതിയ റേറ്റിൽ തയ്യാറാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

**228 (825)** ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ഡി) ഭൂമിയും കെട്ടിടവും നഷ്ടപ്പെടുന്ന വർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പാക്കേജ് തയ്യാറാക്കിയിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഒന്നാംഘട്ട വികസനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(എഫ്) ദേശീയപാത വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരമന-കളിയിക്കാവിള ദേശീയപാത 30.2 മീറ്ററിൽ 4 വരിയാക്കി വികസിപ്പിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകുകയും കരമന മുതൽ വഴിമുക്ക് വരെയുള്ള ഒന്നാംഘട്ട വികസനത്തിന് സ്ഥലമെടുക്കുവാൻ 100 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള അലൈൻമെന്റ് അംഗീകരിക്കുകയും ഇതിൻപ്രകാരം അധിക സ്ഥലം ഏറ്റെടുക്കുന്നതിന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിക്കുകയും ചെയ്തു.

(ബി) ഈ പദ്ധതിക്ക് 640 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) കരമന മുതൽ വഴിമുക്ക് വരെയുള്ള ഒന്നാംഘട്ട വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പണികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി വസ്തുവിനും കെട്ടിടങ്ങൾക്കും കമ്പോള വില നൽകി ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുക്കുമ്പോൾ അനുവദനീയമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഈ പദ്ധതിക്കും ബാധകമാണ്.

(ഇ) ഒന്നാംഘട്ട വികസനം രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(എഫ്) കഴക്കൂട്ടം-കളിയിക്കാവിള ബൈപ്പസ് ദേശീയപാതയായി വികസിപ്പിക്കുന്നതിനാൽ നിലവിലുള്ള കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിക്കുകയില്ല. സംസ്ഥാന ഫണ്ടിൽ നിന്നാണ് പ്രസ്തുത റോഡ് വികസനം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly